(ബി) കോർപ്പസ് ഫണ്ടുപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയ പദ്ധതികൾ അനുബന്ധം 1 & 2 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർക്കുന്നു.*

പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിലെ ക്രമക്കേട്

209 (2418) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിൽ ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി കോളനികളുടെ നവീകരണം

210 (2419) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ ചെലവഴിച്ച് പട്ടികജാതി കോളനികൾ നവീകരിക്കുന്ന പദ്ധതി 2015-16 വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം കോളനികൾ നവീകരിക്കുന്നുണ്ട് ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിൽ 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിൽ പദ്ധതി പുരോഗമിച്ചു വരുന്നു. പുതിയ കോളനികൾ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly